## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1074 29/9/2011 ൽ മറുപടിക്ക്

**തലശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) തലശ്ശേരി മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി റോഡുകളായ ചൊക്ലി-പൂക്കോം- മാടപ്പീടിക റോഡ്, പള്ളിക്കുനി- പെരിങ്ങാടി റോഡ്, മാഹി-ചൊക്ലി റോഡ്, കാപ്പുമ്മൽ-കതിരൂർ റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) & (ബി) | പൂക്കോം-മാടപ്പീടിക റോഡിന്റെ കി.മീ 0/000 മുതൽ 5/000 വരെ അടിയന്തിര ബിടിപാച്ച് പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കി.മീ 5/000 മുതൽ 5/640 വരെ റോഡിൻെറ ഉപരിതലം പുതുക്കുന്നതിനുള്ള പ്രവൃത്തി മഴമാറിയാലുടനെ തുടങ്ങി, എത്രയും പെട്ടെന്ന് പൂർത്തിയാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഈ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | | പൂക്കോം-ചൊക്ലി റോഡിന്റെ കി.മീ 0/000 മുതൽ 2/740 വരെ പുനരുദ്ധാരണ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കരാറുകാരനുമായി ഉടമ്പടി വെക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കാപ്പുമ്മൽ - കതിരൂർ റോഡിൻെറ കി.മീ 0/000 മുതൽ 2/170 വരെ ഉപരിതലം പുതുക്കൽ പണി പൂർത്തിയാക്കിയിട്ടുണ്ട്. |

...2

പൂക്കോം-മാടപ്പീടിക റോഡ് (കി.മീ 0/000 മുതൽ 3/000 വരെ), എം.ഡി.ആർ ആയി ഉയർത്തിയിട്ടുള്ള പള്ളിക്കുനി- പെരിങ്ങാടി റോഡ് (കി.മീ 0/000 മുതൽ 5/000 വരെ), മാഹി-ചൊക്ലി റോഡ് (കി.മീ 0/000 മുതൽ 3/340 വരെ), കാപ്പുമ്മൽ - കതിരൂർ റോഡ് (കി.മീ 0/000 മുതൽ 2/170 വരെ) എന്നിവയുടെ പുനരുദ്ധാരണ പണികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ